ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഈ പരസ്യങ്ങൾ നൽകിയത് ഏതെങ്കിലും പരസ്യ കമ്പനികളോ ഏജൻസികളോ വഴിയായിരുന്നുവോ;

(സി) എങ്കിൽ ഏതെല്ലാം പരസ്യ കമ്പനികളോ ഏജൻസികളോ വഴിയാണ് ഈ പരസ്യങ്ങൾ നൽകിയതെന്നും അവയുടെ ഓരോന്നിന്റേയും ഉടമകൾ ആരെന്നും വെളിപ്പെടുത്തുമോ;

(ഡി) ഓരോ പരസ്യ കമ്പനിക്കും ഏജൻസിക്കും ഈ കാലയളവിൽ എന്തു തുകവീതം കൊടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ വിദേശ യാത്രകൾ

28 (683) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ടോ;

(ബി) ഈ വിദേശയാത്രകൾക്ക് വേണ്ടി സർക്കാരിന് എന്തു തുക ചെലവായി;

(സി) ഈ വിദേശയാത്രകൾക്ക് ഓരോരുത്തർക്കും അനുവദിച്ച വിദേശ നാണ്യം എത്ര വീതമായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പേരിലാണ് അവർ വിദേശയാത്ര നടത്തിയത്;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

29 (684) ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിൽ എത്ര അംഗങ്ങളാണ് ഉള്ളത്; ആരൊക്കെയാണെന്ന് പേരുവിവരം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ബോർഡിലെ അംഗങ്ങൾ വാങ്ങിയ ടി.എ., ഡി.എ., ഇനങ്ങളിലെ തുക വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നു;

(ഡി) ഓരോ അംഗവും 3.3.2000 വരെ ഉപയോഗപ്പെടുത്തിയ ആനുകൂല്യങ്ങൾ എത്രയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെയർമാനും വൈസ് ചെയർമാനും കൂടാതെ സംസ്ഥാന പ്ലാനിംഗ് ബോർഡിൽ ഒൻപത് അംഗങ്ങളുണ്ട്. അംഗങ്ങളുടെ പേരുവിവരം താഴെ കൊടുത്തിരിക്കുന്നു.

1. ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ
2. ബഹു. വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ശ്രീമതി സുശീലാഗോപാലൻ
3. ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ്
4. ബഹു. ഭക്ഷ്യ-ടൂറിസം-നിയമം വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
5. ഡോ. തോമസ് ഐസക്
6. ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്
7. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ
8. ഡോ. ബി. ഇക്ബാൽ
9. ശ്രീ. എം.കെ. സാംബമൂർത്തി

മന്ത്രിമാരായ അംഗങ്ങൾ ഒഴികെയുള്ളവരിൽ ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് ഫുൾടൈം അംഗവും മറ്റുള്ളവർ പാർട്ട്ടൈം അംഗങ്ങളുമാണ്. (ഡോ. തോമസ് ഐസക് 30.10.98 വരെ ഫുൾടൈം അംഗവും അതിനുശേഷം പാർട്ട്ടൈം അംഗവുമാണ്.

(ബി) ഉത്തരം ചുവടെ ചേർക്കുന്നു.

		ടി.എ	ഡി.എ
1	ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് (ഫുൾടൈം മെമ്പർ)	335941	34647
2	ഡോ. തോമസ് ഐസക് (പാർട്ട്ടൈം മെമ്പർ)	214347	22498
3	ഡോ. ബി. ഇക്ബാൽ (പാർട്ട്ടൈം മെമ്പർ)	175801	34517
4	ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ (പാർട്ട്ടൈം മെമ്പർ)	23523	1150
5	ശ്രീ. എം.കെ. സാംബമൂർത്തി (പാർട്ട്ടൈം മെമ്പർ)	152363	1406

(സി) (എ) ഫുൾടൈം അംഗങ്ങൾ

ശമ്പളം - 6250 രൂപ (സ്ഥിരം)

LIBRARY ARCHIVES Kerala Legislative Assembly

ഡി.എ.	-	6120 രൂപ (സംസ്ഥാന ഉദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ടത്)
എച്ച്.ആർ.എ.	-	500 രൂപ
സി.സി.എ.	-	75 രൂപ
ആകെ	-	12945 രൂപ

(പുതുക്കിയ ഡി.എ. അനുസരിച്ച് ഇപ്പോഴത്തെ ആകെ ശമ്പളം - 16545 രൂപ)

(21.6.2000 മുതൽ ഫുൾടൈം അംഗത്തിന് നിലവിലിരിക്കുന്ന ശമ്പളത്തിന്റെയും ഡി.എ.യുടെയും 35% ഇടക്കാലാശ്വാസത്തിനു അർഹതയുണ്ട്.)

ഫുൾടൈം അംഗങ്ങൾക്ക് പ്രാദേശിക യാത്രകൾക്ക് സർക്കാർ വാഹനം അനുവദിച്ചിട്ടുണ്ട്.

(ബി) പാർട്ടൈം മെമ്പറായ ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ ഒരു രൂപ മാത്രമെ ശമ്പളമായി സ്വീകരിക്കുന്നുള്ളു.)

2. മറ്റ് ആനുകൂല്യങ്ങൾ

(I) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ലഭിക്കുന്ന ചികിത്സാ ആനുകൂല്യങ്ങൾ പാർട്ടൈം അംഗങ്ങൾക്കും ഫുൾടൈം അംഗങ്ങൾക്കും നൽകുന്നതാണ്.

(II) പാർട്ടൈം അംഗങ്ങൾക്ക് ബോർഡിന്റെ ജോലിക്കു ഹാജരാകുന്ന ദിവസങ്ങളിൽ പ്രതിദിനം 300 രൂപ സിറ്റിംഗ് ഫീസിനു അർഹതയുണ്ട്. പുറത്തുനിന്നുള്ള അംഗങ്ങൾക്ക് ടി.എ., ഡി.എ. ഇവ നൽകുന്നതാണ്.

(III) ടി.എ., ഡി.എ., ഇവ നൽകുന്നതിനുവേണ്ടി ഫുൾടൈം മെമ്പർമാരെയും പാർട്ടൈം മെമ്പർമാരെയും ക്ലാസ്സ്-1 ഓഫീസർമാരായി കണക്കാക്കുന്നതാണ്.

(IV) ഔദ്യോഗിക ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന യാത്രകൾക്ക് റെസ്റ്റ് ഹൗസിലും ഗസ്റ്റു ഹൗസിലും താമസസൗകര്യവും മറ്റാനുകൂല്യങ്ങളും അനുവദനീയമാണ്.

(V) ഫുൾടൈം അംഗങ്ങളുടെ വസതിയിലെ ടെലിഫോണിന്റെ മുഴുവൻ ചിലവും ഗവൺമെന്റ് വഹിക്കുന്നതാണ്. പാർട്ടൈം അംഗങ്ങളുടെ വസതിയിൽ നിലവിലുള്ള ടെലിഫോണിന്റെ ചിലവ് രണ്ടുമാസത്തിൽ 12000/- രൂപയിൽ കവിയരുതെന്ന് നിബന്ധന പ്രകാരം ഗവൺമെന്റ് വഹിക്കുന്നു.

(ഡി)

ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്	-	ഫുൾടൈം മെമ്പർ
ശമ്പളവും അലവൻസുകളും	-	6,24,746 രൂപ
ടെലഫോൺ (ഓഫീസിലെയും വീട്ടിലെയും)	-	1,72,028 രൂപ
മെഡിക്കൽ റീഇംബേഴ്സ്മെന്റ്	-	ഇല്ല
യാത്രകൾക്കായി നൽകിയ തുക	-	8502 രൂപ
2. ഡോ. തോമസ് ഐസക് (പാർട്ട് ടൈം മെമ്പർ)		
ശമ്പളവും അലവൻസുകളും	-	439456 രൂപ
30.10.96 വരെ	-	(ഫുൾടൈം)

LIBRARY ARCHIVES Kerala Legislative Assembly

സിറ്റിംഗ്ഫീസ്

(31.10.96 മുതൽ പാർട്ട്ടൈം മെമ്പർ) - 4800 രൂപ

ടെലിഫോൺ (വീട്ടിലെയും ഓഫീസിലെയും) - 409929 രൂപ

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ തുക - 20209 രൂപ

3. ഡോ. ബി. ഇക്ബാൽ (പാർട്ട് ടൈം മെമ്പർ)

സിറ്റിംഗ് ഫീസ് - 154500 രൂപ

ടെലിഫോൺ (ഓഫീസിലെയും വീട്ടിലെയും) - 120622 രൂപ

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ തുക - 12962 രൂപ

4. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ (പാർട്ട്ടൈം മെമ്പർ)

ശമ്പളം പ്രതിമാസം ഒരു രൂപ നിരക്കിൽ - 38 രൂപ

ടെലിഫോൺ (ഓഫീസിലെയും വീട്ടിലെയും) - 142007 രൂപ

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ രൂപ - 1651 രൂപ

5. ശ്രീ. എം.കെ. സാംബമൂർത്തി (പാർട്ട്ടൈം മെമ്പർ)

സിറ്റിംഗ് ഫീസ് - 37300 രൂപ

ടെലിഫോൺ (ഓഫീസിലെയും വീട്ടിലെയും) - ഇല്ല

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ തുക - ഇല്ല.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് രാജ്യാന്തര സമ്മേളനം

30 (685) ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സമ്മേളനത്തിന്റെ പ്രചാരണം, പ്രസിദ്ധീകരണങ്ങൾ, പ്രതിനിധികളുടെ താമസം, ഭക്ഷണം, യാത്രചെലവ് തുടങ്ങിയ ഓരോ ഇനത്തിലും എന്തുതുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

(സി) രാജ്യാന്തര സമ്മേളനത്തിന്റെ നടത്തിപ്പിനാവശ്യമായ തുക എപ്രകാരം സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സമ്മേളനംമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടായെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly